(ബി) വനിതാ കമ്മീഷന്റെ ചെലവിനുവേണ്ടി ഓരോ വർഷവും അനുവദിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | അനുവദിച്ച തുക | |
|---|---|---|
| | നോൺപ്ലാൻ | പ്ലാൻ |
| 1996-97 | 19.82 ലക്ഷം രൂപ | - |
| 1997-98 | 37.09 ലക്ഷം രൂപ | - |
| 1998-99 | 39.73 ലക്ഷം രൂപ | 5 ലക്ഷം രൂപ |
| 1999-2000 | 63.73 ലക്ഷം രൂപ | 5 ലക്ഷം രൂപ |

(സി)&(ഡി) ഉണ്ട്, ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് കൂടുതൽ തുക അനുവദിക്കുന്നതാണ്.

**72 (628) - വനിതാ കമ്മീഷന്റെ ശുപാർശകൾ**

ശ്രീ. മാമ്മൻ മത്തായി :

ശ്രീ. കെ. നാരായണക്കുറുപ്പ് :

ശ്രീ. കെ.എം. മാണി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാന വനിതാ കമ്മീഷൻ സർക്കാരിന് നൽകിയിട്ടുള്ള എത്ര ശുപാർശകളാണ് നിയമസഭ മുമ്പാകെ സമർപ്പിക്കുവാനുള്ളത്;

(ബി) ഈ നിയമസഭാ സമ്മേളനത്തിൽ തന്നെ പ്രസ്തുത ശുപാർശകൾ നിയമസഭയുടെ മുമ്പാകെ സമർപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി)വനിതാ കമ്മീഷനിൽ നിന്നും ലഭിച്ച ശുപാർശകളിൽ 14 എണ്ണം നിയമസഭ മുൻപാകെ സമർപ്പിക്കുന്നതിനായി നിയമസഭാ സെക്രട്ടേറിയറ്റിന് നൽകിയിട്ടുണ്ട്. ശേഷിക്കുന്ന ശുപാർശകൾ താമസംവിനാ പരിശോധിച്ചു നൽകുന്നതാണ്.

**73 (629) സംസ്ഥാന വനിതാ കമ്മീഷൻ നൽകിയ ശുപാർശകൾ**

ശ്രീമതി റോസമ്മ ചാക്കോ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാന വനിതാ കമ്മീഷൻ ഇതുവരെ എത്ര ശുപാർശകൾ ഗവണ്മെന്റിന് സമർപ്പിച്ചു;

(ബി) ഇവയിൽ പ്രധാനപ്പെട്ടവ എന്തെല്ലാം;

(സി) ഈ ശുപാർശകൾ സഭ മുൻപാകെ സമർപ്പിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ കാരണമെന്ത്;

(ഇ) ഈ ശുപാർശകളിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാന വനിതാ കമ്മീഷൻ ഇതുവരെ 20 ശുപാർശകൾ ഗവണ്മെന്റിന് സമർപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly